**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** **26-07-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ സെക്രട്ടേറിയറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റവന്യൂ, ഭവന നിർമ്മാണ വകുപ്പുകളുടെ പ്രവർത്തന മികവും നിലവാരവും കുടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് റവന്യൂ, സർവേ, ദുരന്ത നിവാരണ, ഭവന നിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി റവന്യു സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ കീഴിലുള്ള വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാണ് റവന്യു സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചത്. |
| (ബി) | റവന്യൂ, ഭവന നിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം കുടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. റവന്യു-ഭവനനിർമ്മാണ വകുപ്പ മന്ത്രി അധ്യക്ഷനും, റവന്യു, സർവ്വെ, ഭവനനിർമ്മാണം, ദുരന്ത നിവാരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, ഐ.എൽ.ഡി.എം, സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ ഉൾപ്പെടെ അംഗങ്ങളും ആയാണ് റവന്യു സെക്രട്ടറിയേറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളത്. റവന്യു - ഭവന നിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയാണ് റവന്യു സെക്രട്ടേറിയറ്റിന്റെ ലക്ഷ്യം. എല്ലാ ബുധനാഴ്ചയും സെക്രട്ടേറിയറ്റിൽ യോഗം ചേരും. യോഗങ്ങൾ പരമാവധി നേരിട്ടും അങ്ങനെ നടത്തുന്നതിന് തടസ്സങ്ങളുള്ളപ്പോൾ ഓൺലൈനായും നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | എങ്കിൽ റവന്യൂ സെക്രട്ടേറിയറ്റിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ; | (സി) | റവന്യു-ഭവനനിർമ്മാണ വകുപ്പ മന്ത്രി അധ്യക്ഷനും, റവന്യു, സർവ്വെ, ഭവനനിർമ്മാണം, ദുരന്ത നിവാരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ഐ.എൽ.ഡി.എം. ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തിയാണ് റവന്യു |

| | | | |
|---|---|---|---|
| | | | സെക്രട്ടറിയേറ്റ് രൂപീകരിച്ചിട്ടുള്ളത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ബുധനാഴ്ചയും റവന്യൂ സെക്രട്ടേറിയറ്റ് യോഗം ചേരുന്നതാണ്. അതത് ദിവസങ്ങളിലെ പരിഗണനാ വിഷയങ്ങൾ മുൻകൂട്ടി അറിയിച്ച് നടത്തുന്ന യോഗങ്ങളിൽ മുൻയോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി പരിശോധിക്കുന്നതും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിച്ച് അത് പ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ഡി) | സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ ചരിത്രത്തിൽ ഇത്തരം ഒരു പരിഷ്കരണം ഉണ്ടായിട്ടുണ്ടോ; | (ഡി) | റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മുൻകാല സർക്കാരുകൾ പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളതാണ്. എന്നാൽ 'റവന്യൂ സെക്രട്ടറിയേറ്റ്' എന്ന നാമധേയത്തിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുകൾക്ക് കീഴിൽ സ്ഥിരം സംവിധാനം മുൻപ് ഉണ്ടായിരുന്നില്ല. |
| (ഇ) | റവന്യൂ സെക്രട്ടേറിയറ്റ് എന്നത് ഒരു സ്ഥിരം സംവിധാനമായി ക്രമീകരിച്ച് മുന്നോട്ട് പോകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ഈ സർക്കാരിന്റെ കാലയളവിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ കീഴിലുള്ള വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കുന്നതിനുള്ള സംവിധാനമായാണ് എല്ലാ ആഴ്ചയും ചേരുന്ന തരത്തിൽ റവന്യൂ സെക്രട്ടേറിയറ്റ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ